"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് - 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.14, 3.16 – ബാന്റ് ട്രൂപ്പ് പരിശീലനം, കുട്ടികൾക്ക് കലാ, കായിക പരിശീലനം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1693/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/09/2020**

---

പരാമർശം:-

1 ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/10/2019 ലെ സി1/6087/2019നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 06/12/2019 ലെ PAN/14201/2019/M3 നമ്പർ കത്ത്.

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 05/03/2020 ലെ DKSA/44/2020/PT1 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് 2012-13 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 49000/- രൂപ ചെലവഴിച്ച് നടപ്പാക്കിയിട്ടുള്ള ബാന്റ് ട്രൂപ്പ് പരിശീലനം ( പ്രോജക്റ്റ് നം 221/ 13), വികസന ഫണ്ടിൽ നിന്നും 25000 /- രൂപ വീതം ചെലവഴിച്ച് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയിട്ടുള്ള 47 കുട്ടികൾക്ക് കായിക പരിശീലനം ( പ്രോജക്റ്റ് നം.111/ 13), 30 കുട്ടികൾക്ക് കലാ പരിശീലനം ( പ്രോജക്റ്റ് നം 112 /13) എന്നീ പ്രോജക്റ്റുകൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നടപ്പാക്കിയെന്നതിനാൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 2012-2013 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14, 3.16 എന്നിവ പ്രകാരം ചെലവ് തുക തടസ്സപ്പെടുത്തിയിരുന്നു

2 . കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കുന്നതോടൊപ്പം കലാപരമായ കഴിവുകൾ കൂടി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന വസ്തുത പരിഗണിച്ചാണ് ബാന്റ് ട്രൂപ്പ് പരിശീലന പദ്ധതി ഏറ്റെടുത്തതെന്നും, കുട്ടികളുടെ സർവോന്മുഖമായ വികസനത്തിന് പാഠ്യവിഷയത്തിലുള്ള അറിവിനു പുറമേ കലാകായിക രംഗങ്ങളിലെ പരിശീലനവും ആവശ്യമാണെന്ന് ഗ്രാമസഭ , വർക്കിംഗ് ഗ്രൂപ്പ് , വികസന സെമിനാർ , എന്നിവിടങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിലാണ് കലാകായിക പരിശീലന പദ്ധതികൾ ഏറ്റെടുത്തതെന്നും വിദ്യാഭ്യാസ മേഖലയിൽ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി നേട്ടങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ എറ്റെടുത്ത പദ്ധതികൾ ആയതിനാൽ പ്രസ്തുത പദ്ധതികൾക്ക് സാധൂകരണം നല്കണമെന്ന് 28-09-2018 ലെ യോഗത്തിലെ 8/8(5), 8/8(8) നമ്പർ തീരുമാനങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർക്കാരിനോട് അപേക്ഷിച്ചിരുന്നതും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 25.06.2019 ലെ യോഗത്തിലെ 23,24 നമ്പർ അനുകൂല ശിപാർശ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു.

3 . ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ട് നാളിതുവരെ ഓഡിറ്റ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിന് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലെന്നിരുന്നാലും എനാദിമംഗലം ഗ്രാമപഞ്ചായത്തിന്റെ 28-09-2018 ലെ യോഗത്തിലെ 8/8(5), 8/8(8) നമ്പർ തീരുമാനങ്ങൾ , സർക്കാർ സാധൂകരണം ലഭ്യമാക്കാനുള്ള ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ 25-06-2019 ലെ 23, 24 നമ്പരായുള്ള ശിപാർശ, ഓഡിറ്റ് റിപ്പോർട്ടിന്റെ കാലപ്പഴക്കം എന്നിവ പരിഗണിച്ച് മേൽ ഖണ്ഡികകൾക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നും, ഖണ്ഡികകൾ 3.14, 3.16 എന്നിവയിൻമേൽ സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും, സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന പ്രോജക്റ്റ് എന്ന നിലയ്ക്ക് ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് 2012-13 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽ

നിന്നും 49000/- രൂപ (നാല്പത്തൊമ്പതിനായിരം രൂപ) ചെലവഴിച്ച് നടപ്പാക്കിയ ബാന്റ് ട്രൂപ്പ് പരിശീലനം 25000 /- രൂപ (ഇരുപത്തയ്യായിരം രൂപ) വീതം ചെലവഴിച്ച് നടപ്പാക്കിയ കലാ കായിക പരിശീലനം എന്നീ പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

സെക്രട്ടറി, എനാദിമംഗലം ഗ്രാമപഞ്ചായത്ത്, ഇളമണ്ണൂർ പി.ഒ, പത്തനംതിട്ട

ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് ആന്റ് ന്യൂ മീഡിയ, ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ